## പതിമൂന്നാം കേരള നിയമ സഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5020. 24.10. 2011-ൽ മറുപടിയ്ക്ക്

### '108' ആംബുലൻസിന്റെ സുരക്ഷാ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ.പി.ബി. അബ്ദുൾ റസാക്.<br>ശ്രീ.സി. മമ്മൂട്ടി.<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ. | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം വാങ്ങിയ 108 ആംബുലൻസുകളിലൊന്നിന് തീ പിടിച്ച് രണ്ടുപേർ മരിക്കാനിടയായ സാഹചര്യത്തിൽ ഈ വാഹനങ്ങളുടെ സുരക്ഷാ സംവിധാനങ്ങളുടെ വിദഗ്ധപരിശോധനയ്ക്ക് വിധേയമാക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം വാങ്ങിയ 108 ആംബുലൻസുകളിലൊന്നിന് തീ പിടിച്ച് രണ്ടുപേർ മരിക്കാനിടയായ സാഹചര്യത്തിൽ ഈ വാഹനങ്ങളുടെ സുരക്ഷാ സംവിധാനങ്ങൾ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങളുടെ ആവർത്തനം തടയുവാനായി താഴെപറയുന്ന നടപടികൾ കൈകൊള്ളാൻ ഉദ്ദേശിക്കുന്നു.<br>1. ആംബുലൻസുകൾ ഉപയോഗിക്കുന്ന മെഡിക്കൽ ഉപകരണങ്ങളുടെയും, വയറിംഗുകളുടെയും പരിശോധന എവിയോൺ മെഡിക്കൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന വാഹനങ്ങളുടെ ഫാബ്രിക്കേറ്ററുമായി ചേർന്ന് നടത്തി സുരക്ഷാ വീഴ്ചകൾ ഒന്നും ഇല്ല എന്ന് ഉറപ്പു വരുത്തുന്നതാണ്.<br>2. വാഹനങ്ങൾ നിർമ്മാതാക്കളായ ഫോഴ്സ് മോട്ടേഴ്സ് ലിമിറ്റഡ് പരിശോധിച്ച് വാഹനങ്ങൾക്ക് സുരക്ഷാ വീഴ്ചകൾ ഒന്നുമില്ലെന്ന് ഉറപ്പു വരുത്തും.<br>3. എല്ലാ 108 വാഹനങ്ങൾക്കും ആറുമാസത്തിലൊരിക്കൽ സംസ്ഥാന ട്രാൻസ്പോർട്ട് ഓഫീസർ (ആരോഗ്യം) പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണം മോട്ടോർ വാഹന വകുപ്പിൽ നിന്നും എടുക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റിനു പുറമേയാണിത്. |

(ബി) അഗ്നിബാധാ പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള വാഹനങ്ങൾക്കാണോ ഓർഡർ നൽകിയിരുന്നതെന്ന കാര്യം പരിശോധിക്കുമോ; അത് സംബന്ധിച്ച വിശദവിവരം നല്കുമോ;

(ബി) അഗ്നിബാധ ഉണ്ടായാൽ പ്രതിരോധിക്കുവാനായി എല്ലാ ആംബുലൻസുകളിലും ഫയർ എക്സ്റ്റിംഗ്ക്യൂഷറുകൾ ഘടിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തൊട്ടാകെ ഇത്തരം എത്ര വാഹനങ്ങളാണ് വാങ്ങിയിട്ടുള്ളത്; ഓരോന്നിനുമുള്ള വിലയെത്രയാണ്; ആകെ എന്തു തുക ഇതിനായി ചെലവഴിച്ചു;

(സി) സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിലുള്ള 50 ആംബുലൻസുകളാണ് വാങ്ങിയിട്ടുള്ളത്. ഓരോ ആംബുലൻസിനും 33,80,000/- രൂപ ചെലവായി . മൊത്തം 50 ആംബുലൻസുകൾ വാങ്ങുവാനായി 16.90 കോടി രൂപ ചെലവായി .

(ഡി) ആംബുലൻസുകൾ ഏത് കമ്പനിയുടേതാണ്; വാഹനം വാങ്ങാൻ ഏർപ്പെടുത്തിയ സംവിധാനമെന്തായിരുന്നുന്നെന്നും, ഗുണപരിശോധനയ്ക്കു ചുമതലപ്പെട്ട വിദഗ്ദ്ധർ ആരെല്ലാമായിരുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) ഫോഴ്സ് മോട്ടേഴ്സ് ലിമിറ്റഡ് എന്ന വാഹന നിർമ്മാതാക്കളുടെ ആംബുലൻസുകളാണ് വാങ്ങിയിട്ടുള്ളത്. ഈ ആംബുലൻസുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL) ടെൻഡർ മുഖാന്തിരം വാങ്ങുകയായിരുന്നു. ഗുണപരിശോധനയ്ക്ക് ചുമതലപ്പെട്ട വിദഗ്ദ്ധരുടെ പേരുകൾ താഴെ ചേർക്കുന്നു;

1. ഡോ.ടി. രാധാകൃഷ്ണൻ.(അഡീഷണൽ ഡയറക്ടർ, ആരോഗ്യ വകുപ്പ്)
2. ശ്രീ.പി.വി.രാമദാസ്.(കോൾഡ് ചെയിൻ ആഫീസർ, ആരോഗ്യ വകുപ്പ്)
3. ശ്രീ. ആർ.റ്റി.മധു (സ്റ്റേറ്റ് ട്രാൻസ്പോർട്ട് ആഫീസർ, ആരോഗ്യ വകുപ്പ്)
4.ശ്രീ. ജി.സുരേഷ്കുമാർ (സൂപ്രണ്ട്, സെന്റർ വർക്ക്ഷോപ്പ്,മെഡിക്കൽകോളേജ്, തിരുവനന്തപുരം)

(ഇ) ആരോഗ്യ വകുപ്പിനു കീഴിൽ സമാന ആവശ്യത്തിന് തിരുവനന്തപുരം ജില്ലയിൽ അടുത്ത കാലത്ത് വാഹനം വാങ്ങിയിട്ടുണ്ടോ; എങ്കിൽ അതിനു നൽകിയ വിലയെത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ആരോഗ്യ വകുപ്പിനുകീഴിൽ സമാന ആവശ്യത്തിന് തിരുവനന്തപുരം ജില്ലയിൽ അടുത്തകാലത്ത് വാഹനം വാങ്ങിയിട്ടില്ല.

(എഫ്) ബൽക്ക് പർച്ചേസ് നടത്തിയിട്ടും'108' ആംബുലൻസ് വാഹനങ്ങൾക്ക് ഉയർന്ന വില നല്കേണ്ടിവന്ന സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്തുമോ?

(എഫ്) ടെൻഡർ രേഖകൾ പ്രകാരം ഈ ആംബുലൻസുകളിൽ ഉപയോഗിച്ചിരിക്കുന്ന ഉപകരണങ്ങളും മറ്റും വളരെ ഗുണമേൻമയുള്ളതും വിലകൂടിയതുമാണ്. അത്യാധുനിക സംവിധാനങ്ങളുള്ള ഇത്തരം ആംബുലൻസുകൾക്ക് ഈ വില നൽകേണ്ടി വരും.

സെക്ഷൻ ഓഫീസർ